**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2118** **12-02-2024 - ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം- കൊല്ലം ഐ.ടി. ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022-23 ലെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട കഴക്കൂട്ടം-കൊല്ലം ഐ.ടി. ഇടനാഴിയുടെ പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ; പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (എ) | 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ ദേശീയപാത 66 ന് സമാന്തരമായി കണ്ണൂർ, കൊല്ലം ഐ.ടി പാർക്കുകളും നാല് ഐ.ടി ഇടനാഴികളും സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിനായി കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽ നിന്നും 1000 കോടി രൂപ വകയിരുത്തിയിരുന്നു. കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ചുകൊണ്ടും ഐ.ടി ഇടനാഴികൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷനിംഗ് അതോറിറ്റിയായി മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ടി.ഐ.എൽ നെ നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ഇതിൽ ടെക്നോപാർക്ക് മൂന്നാംഘട്ടം മുതൽ കൊല്ലം വരെ ഉൾപ്പെട്ടതാണ് ഒന്നാം ഇടനാഴി. ഈ ഇടനാഴിക്ക് വേണ്ടി 17 ലാൻഡ് പാഴ്സലുകൾ കണ്ടെത്തുകയുണ്ടായി. ഇവയുടെ സ്വീകാര്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും കമ്മിറ്റി സ്ഥലങ്ങൾ സന്ദർശിക്കുകയും ഇതിൽ 6 ലാൻഡ് പാഴ്സലുകൾ (ഏകദേശം 200 ഏക്കറോളം ഭൂമി) പദ്ധതിയ്ക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.<br><br>ഐ.ടി ഇടനാഴികളുടെ വികസനത്തിനായി ഭൂമി ലഭ്യമാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ